# കാസറഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്
## (സാന്നിധ്യം: മധുസൂദനൻ ടി വി )

വിഷയം:- പൊതുവിദ്യാഭ്യാസം -ജീവനക്കാര്യം - അന്തർ ജില്ലാ സ്ഥലം മാറ്റം 2024-25 - ഭാഷാധ്യാപകരുടെ അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെട്ടുവിക്കുന്നു.

പരാമർശം:- 1.22.11.2024, 27.12.2024 തീയതികളിലെ പൊതു വിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരത്തിന്റെ എ3/20836/2024/ഡി.ജി.ഇ നമ്പർ സർക്കുലറുകൾ.
2. 29.012025 തീയതിയിൽ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച മുൻഗണന പട്ടിക.
3.ഈ കാര്യാലയത്തിലെ 01/02/2025 തീയതിയിലെ DDEKGD/4199/2024-A3 നമ്പർ താൽക്കാലിക സ്ഥലമാറ്റ ഉത്തരവ്.
4.27-03-2025തീയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ DGE/20836/2024-A1DGE/20836/2024-A നമ്പർ കത്ത്.
5.27-03-2025 തീയതിയിലെ ജെ എ 3/128/2025/പൊ.വി.വ നമ്പർ സർക്കാർ കത്ത്.

**ഉത്തരവ് നമ്പർ -DDEKGD/4199/2024-A3 തീയതി : 28-03-2025**

2024-25 അന്തർ ജില്ലാ സ്ഥലം മാറ്റത്തിനായി പരാമർശം (1) സർക്കുലറുകൾ പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരം അപേക്ഷ ക്ഷണിച്ചിരുന്നു. ആയതു പ്രകാരം അപേക്ഷ സമർപ്പിച്ച അർഹരായ ഭാഷാധ്യാപകരുടെ മുൻഗണന പട്ടിക പരാമർശം (2) പ്രകാരം ഓൺലൈൻ ആയി പ്രസിദ്ധീകരിക്കുകയും കൂടാതെ പരാമർശം (3) പ്രകാരം താൽക്കാലിക സ്ഥലമാറ്റ ഉത്തരവ് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. മേൽ ഉത്തരവിൽ ആക്ഷേപങ്ങളോ പരാതികളോ ലഭ്യമാകാത്ത സാഹചര്യത്തിൽ 2024-25 വർഷത്തിൽ കാസർഗോഡ് റവന്യൂ ജില്ലയിലേക്ക് സ്ഥലം മാറ്റത്തിനായി ഒഴിവുകൾ നീക്കി വച്ച തസ്തികകളിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് അർഹരായ അധ്യാപകർക്ക് താഴെ പറയുന്ന അനുബന്ധത്തിൽ പറയും പ്രകാരം അവരുടെ പേരിനു നേരെ ചേർത്തിരിക്കുന്ന സ്കൂളിലേക്ക് സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

**I .എച്ച് എസ് ടി (ഹിന്ദി )**

| ക്രമ നം | അധ്യാപിക/ അധ്യാപകന്റെ പേര് | തസ്തിക | നിലവിൽ ജോലി ചെയ്യുന്ന ജില്ല,സ്കൂൾ | സ്ഥലം മാറ്റം അനുവദിച്ച സ്കൂൾ |
|---|---|---|---|---|
| 1 | ജിഷ കെ | എച്ച് എസ് ടി (ഹിന്ദി ) | ജി എച്ച് എസ് ഇരുളത്ത്,വയനാട് | ജി എച്ച് എസ് എസ് കുണ്ടംകുഴി |
| 2 | ഫാത്തിമത്ത് സമീറ ബി എം | എച്ച് എസ് ടി (ഹിന്ദി ) | ഷേണോയി സ്മാരക ഗവ: ഹയർ സെക്കണ്ടറി സ്കൂൾ പയ്യന്നൂർ,കണ്ണൂർ | ജി എച്ച് എസ് എസ് അഡൂർ |

**II.എച്ച് എസ് ടി (അറബിക്)**

| ക്രമ നം | അധ്യാപിക/ അധ്യാപകന്റെ പേര് | തസ്തിക | നിലവിൽ ജോലി ചെയ്യുന്ന ജില്ല,സ്കൂൾ | സ്ഥലം മാറ്റം അനുവദിച്ച സ്കൂൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | റുക് സാന വി | എച്ച് എസ് ടി (അറബിക് ) | ജി എച്ച് എസ മീനങ്ങാടി,വയനാട് | ജി എച്ച് എസ പെർഡാല |

**III.ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് അറബിക്(എൽ പി)**

| ക്രമ നം | അധ്യാപിക/ അധ്യാപകന്റെ പേര് | തസ്തിക | നിലവിൽ ജോലി ചെയ്യുന്ന ജില്ല,സ്കൂൾ | സ്ഥലം മാറ്റം അനുവദിച്ച സ്കൂൾ |
|---|---|---|---|---|
| 1 | സുബൈദ ബി | ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് അറബിക്(എൽ പി) | ജി എം യു പി എസ് മാടായി,കണ്ണൂർ | ജി എച്ച് എസ് എസ് പൈവളിഗെനഗർ |
| 2 | അബ്ദുൾ ഹാഷിം കെ എം | ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് അറബിക് (എൽ പി) | ജി ഡബ്ള്യൂ യു പി എസ് വെങ്ങര, കണ്ണൂർ | ജി എൽ പി എസ് കല്ലുകൂട്ടം |

അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിച്ച അധ്യാപകരുടെ ജില്ലാതല സർവീസ് സീനിയോറിറ്റി കാസർഗോഡ് ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തിയ്യതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. കൂടാതെ 09.08.1988 ലെ ജി ഒ (എം എസ് നമ്പർ 128 / 88 പൊ വി വ ഉത്തരവ് പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതൽ അധ്യാപകർ ഈ ജില്ലയിൽ നിയമനം ലഭിക്കുന്ന തസ്തികയിൽ ഏറ്റവും ജൂനിയർ ആയിരിക്കും. സ്ഥലംമാറ്റം ലഭിച്ച അധ്യാപകരെ വിടുതൽ ചെയ്യുന്നതിന് മുൻപ് മേൽ പരാമർശിച്ച വിവരം ബന്ധപ്പെട്ട അധ്യാപകരിൽ നിന്നും സത്യപ്രസ്താവനയായി എഴുതി വാങ്ങി സേവന പുസ്തകത്തിൽ പതിക്കേണ്ടതും ആയതു രേഖപ്പെടുത്തി പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കാസർഗോഡ് ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് മേൽ വിവരങ്ങൾ ബന്ധപ്പെട്ട അധ്യാപകരുടെ സേവന പുസ്തകത്തിൽ രേഖപ്പടുത്തിയിട്ടുണ്ട് എന്ന് പ്രധാനാധ്യാപകർ ഉറപ്പ് വരുത്തേണ്ടതാണ്.

23.12.2012 ലെ സർക്കാർ ഉത്തരവ് ജി ഒ (പി) 4212 പി & എ ആർ ഡി പ്രകാരം അന്തർ ജില്ലാ സ്ഥലം മാറ്റം മുഖേന ജില്ലയിൽ സ്ഥലം മാറ്റം ലഭിക്കുന്ന അധ്യാപകർ കാസർഗോഡ് ജില്ലയിൽ നിന്നും പുതുതായി പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിച്ച അധ്യാപകൻ / അധ്യാപിക തെറ്റായ വിവരങ്ങൾ നൽകിയാണ് അന്തർജില്ലാ സ്ഥലം മാറ്റം നേടിയതെന്ന് ബോധ്യപ്പെട്ടാൽ ടി അധ്യാപകനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

സ്ഥലം മാറ്റം ലഭിച്ച എല്ലാ അധ്യാപകരും പരാമർശം (5) സർക്കാർ കത്തിലെ നിർദ്ദേശപ്രകാരം ഏപ്രിൽ 30 നകം വിടുതൽ ചെയ്ത് പുതിയ ലാവണത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. സ്ഥലമാറ്റം ലഭിച്ച അധ്യാപകർ ജോലിയിൽ പ്രവേശിച്ച വിവരം ബന്ധപ്പെട്ട പ്രധാനാധ്യാപകൻ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

Signed by
Madhusudhanan T V
Date: 28-03-2025 14:20:21

മധുസൂദനൻ ടി വി
പെൻ 283129
വിദ്യാഭ്യാസ ഉപഡയറക്ടർ
കാസർഗോഡ്

**<u>സ്വീകർത്താവ് :</u>**

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം
2. വിദ്യാഭ്യാസ ഉപ ഡയറക്ടർ (വയനാട് , കണ്ണൂർ )
3. ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
4. ബന്ധപ്പെട്ട പ്രധാനാധ്യാപകർ
5. ബന്ധപ്പെട്ട അധ്യാപകർ
6. കരുതൽ / ഓഫീസ് ഫയൽ